Draft #3 of File 14899/ACA1 SO/2020/AC A 1 Approved by DEPUTY REGISTRAR I (ACADEMIC) on 07-Jul-2020 03:59 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസ് - എം ഫിൽ 2019-20- പ്രവേശന നടപടികൾ പൂർത്തിയായതിനു ശേഷം ഒഴിവു വന്ന സീറ്റുകളിലേക്ക് സ്പോട്ട് അഡ്മിഷൻ നടത്തുന്നതിനുള്ള അനുമതി നൽകിക്കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 3059/AC A 1/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 07.07.2020

*പരാമർശം:*-1. Notification No. Ac A1/2/1505/2019 dtd. 06.12.2019

2. സർവകലാശാല ഉത്തരവ് നം. 2496/AC A1/2020/എം.ജി.യു., തീയതി 11.06.2020

3. സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസ് മേധാവിയുടെ 03.07.2020 ലെ കത്ത് നം. 94/SPS/2020

**<u>ഉത്തരവ്</u>**

സർവകലാശാല പഠന വകുപ്പുകളിൽ 2019 - 20 ലേക്കുള്ള എം.ഫിൽ പ്രോഗ്രാമുകളുടെ പ്രവേശന വിജ്ഞാപനം പരാമർശം (1) പ്രകാരം പുറപ്പെടുവിച്ചിരുന്നു. ആയത് പ്രകാരം നടപടികൾ പൂർത്തീകരിക്കേണ്ട അവസാന തീയതി 30.03.2020 ആയിരുന്നു.

സംസ്ഥാനത്ത് COVID 19 മഹാമാരി പടർന്നു പിടിക്കുകയും തുടർന്ന് ലോക് ഡൗൺ പ്രഖ്യാപിക്കുകയും ചെയ്ത സാഹചര്യത്തിൽ സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിൽ 2019 - 20 വർഷത്തെ എം.ഫിൽ പ്രവേശന നടപടികൾ പൂർത്തീകരിക്കുന്നതിനുള്ള അവസാന തീയതി 30.07.2020 വരെ ദീർഘിപ്പിച്ചു നൽകിക്കൊണ്ട് പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു.

എന്നാൽ അംഗീകരിച്ച റാങ്ക് പട്ടികയിൽ നിന്നുമുള്ള വിദ്യാർത്ഥികളുടെ പ്രവേശന നടപടികൾ 01.07.2020 ന് പൂർത്തീകരിക്കുകയും 2019 - 20 വർഷത്തെ എം.ഫിൽ ബാച്ചിലെ ഏഴ് സീറ്റുകൾ ഒഴിവു വരുകയും ചെയ്ത സാഹചര്യത്തിൽ, ടി സീറ്റുകളിലേക്ക് സംവരണ മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് സ്പോട്ട് അഡ്മിഷൻ നടത്തുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശം (3) പ്രകാരം വകുപ്പ് മേധാവി ആവശ്യപ്പെട്ടിരുന്നു.

ആയത് പരിഗണിച്ച്, സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിലെ 2019 - 20 വർഷത്തെ എം.ഫിൽ ബാച്ചിൽ റാങ്ക് പട്ടികയിൽ നിന്നുമുള്ള വിദ്യാർത്ഥികളുടെ പ്രവേശന നടപടികൾ പൂർത്തിയായതിനു ശേഷം ഒഴിഞ്ഞു കിടക്കുന്ന 7 സീറ്റുകളിലേക്ക് സർവകലാശാലയുടെ സംവരണ മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് സ്പോട്ട് അഡ്മിഷൻ വഴി പ്രവേശന നടപടികൾ പൂർത്തീകരിക്കുവാനുള്ള അനുവാദം നൽകിക്കൊണ്ട് വൈസ് ചാൻസിലർ ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ബൈജു എൻ

ഡപ്യൂട്ടി രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വകുപ്പ് മേധാവി, സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസ്
2. വി.സി./ പി.വി.സി എന്നിവരുടെ പി.എസ് മാർ
3.രജിസ്ട്രാർ,ഫിനാൻസ് ഓഫീസർ, പരീക്ഷാകൺട്രോളർ എന്നിവരുടെ പി.എ മാർ.
3.എസി.എ4/എസി.എ 5/ CSS സെക്ഷൻ
4.പി.ആർ.ഒ/ കണ്ടെൻറ് മാനേജ്മെൻറ് സെക്ഷൻ/എൻക്വയറി
5.സ്റ്റോക്ക് ഫയൽ/റെക്കോർഡ് സെക്ഷൻ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #3 of File 14899/ACA1 SO/2020/AC A 1 Approved by DEPUTY REGISTRAR I (ACADEMIC) on 07-Jul-2020 03:59 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം